"ഭരണഭാഷ-മാതൃഭാഷ"

DWCD/1043/2025-ICDSB1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 25-07-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- പോഷകബാല്യം- ഫീഡിംഗ് തടസ്സം നേരിട്ടത് - സംബന്ധിച്ച്:-

സൂചന:-
1. 11/06/2025 ലെ സ.ഉ(സാ ധാ)നം 272/2025/WCDD നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 16/06/2025 ലെ ഇതേ നമ്പർ പരിപത്രം
3 11/7/2025 ലെ പോഷകബാല്യം പദ്ധതി അവലോകന മീറ്റിംഗ് മിനിറ്റ്സ്

നടപ്പ സാമ്പത്തിക വർഷം പോഷകബാല്യം പദ്ധതിയ്ക്ക് സൂചന (1) പ്രകാരം ഭരണാനുമതി ലഭ്യമായിരുന്നു. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിന് കീഴ്കാര്യാലയ മേധാവികൾക്ക് സൂചന (2) പ്രകാരം നിർദേശം നൽകിയിരുന്നു.

പദ്ധതി പുരോഗതി വിലയിരുത്തുന്നതിന്റെ ഭാഗമായി ജില്ലകളിൽ നിന്നും ഗൂഗിൾഷീറ്റ് ശേഖരിച്ച് ആയതിനെ അടിസ്ഥാനമാക്കി സൂചന (3) പ്രകാരം പദ്ധതി അവലോകനം ചെയ്തിരുന്നു. പ്രസ്തുത അവലോകന യോഗത്തിന്റെ മിനിറ്റ്സ് തുടർനടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

## <u>പോഷക ബാല്യം പദ്ധതി - ജില്ലാതല പ്രോഗ്രാം ഓഫീസർമാരുടെ 11/7/2025 ലെ (2.30 pmനു )റിവ്യൂ മീറ്റിംഗ് മിനിറ്റ്സ്</u>

ഹാജർ

1.ശ്രീമതി സോഫി ജേക്കബ്, അസിസ്റ്റന്റ് ഡയറക്ടർ, WCD

2.ശ്രീമതി നിഷ രാജൻ, സീനിയർ സൂപ്രണ്ട് WCD

3.ശ്രീമതി ബിന്ദു ആർ.എൻ, ജൂനിയർ സൂപ്രണ്ട് WCD

4.ശ്രീമതി അപർണ്ണ എസ്.എൽ , ജെ.എസ്.ഐ WCD

5.ശ്രീമതി ഷാഹിന എസ് ,സീനിയർക്ലാർക്ക് WCD

നടപ്പ് സാമ്പത്തിക വർഷം പോഷകബാല്യം പദ്ധതിയ്ക്ക് ഭരണാനുമതി ലഭ്യമായതിനെ തുടർന്ന് ആഴ്ചയിൽ 3 ദിവസം മുട്ട, 3 ദിവസം പാൽ എന്ന രീതിയിൽ പദ്ധതി തടസം കൂടാതെ നടപ്പിലാക്കുന്നതിനു കീഴ് കാര്യാലയങ്ങൾക്ക് നിർദേശം നൽകിയിരുന്നു. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലകളിൽ നിന്നു വിവരശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലെയും പ്രോഗ്രാം ഓഫീസർമാരെ ഉൾപ്പെടുത്തി കൊണ്ട് അസിസ്റ്റന്റ് ഡയറക്ടറുടെ അധ്യക്ഷതയിൽ ഓൺലൈൻ റിവ്യൂ മീറ്റിംഗ് ചേരുകയുണ്ടായി.

നടപ്പ് സാമ്പത്തിക വർഷത്തെ സർക്കാർ ഉത്തരവിലെ നിർദ്ദേശം അനുസരിച്ച് tender/quotation നടപടി സ്വീകരിച്ച LSGI കളുടെ വിശദാംശങ്ങൾ പരിശോധിച്ചതിനോടൊപ്പം ജില്ലകളിൽ നിന്ന് വിവരശേഖരണം നടത്തിയ ഗൂഗിൾ ഷീറ്റ് പ്രകാരം ജില്ലകളിൽ ആഴ്ചയിൽ 3 ദിവസം പാലും 3 ദിവസം മുട്ടയും വിതരണം ചെയ്യുന്നതിൽ 23.06.2025 മുതൽ 05.07.2025 വരെയുള്ള രണ്ടാഴ്ച്ച കാലയളവിൽ(14 ദിവസം ) തടസ്സം നേരിട്ടുണ്ടോ എന്നതിലും നിലവിൽ ലോക്കൽ പർചെയ്സ് സംവിധാനത്തിലൂടെ പദ്ധതി നടപ്പിലാക്കുന്ന ICDS കളെ സംബന്ധിച്ചും അവലോകനം നടത്തുകയുണ്ടായി. വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഫീഡിംഗ് തടസം നേരിട്ടത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

<u>തിരുവനന്തപുരം</u>

അർബൻ 1 പ്രോജക്ട് പരിധിയിലെ വിഴിഞ്ഞം 1, വിഴിഞ്ഞം 2 LSGI കളിൽ 2 ദിവസം പാൽ വിതരണത്തിലും, 3 ദിവസം മുട്ട വിതരണത്തിലും തടസം നേരിട്ടിട്ടുണ്ട്.

<u>കൊല്ലം</u>

അഞ്ചാലുംമൂട്, ചവറ, കൊട്ടാരക്കര, മുഖത്തല അഡീഷണൽ , ഓച്ചിറ, ശാസ്താംകോട്ട അഡീഷണൽ , വെട്ടിക്കവല എന്നീ പ്രോജക്ടുകളിൽ മുട്ട, പാൽ വിതരണം പല ദിവസങ്ങളിലും തടസ്സപ്പെട്ടിട്ടുണ്ട്.

<u>ആലപ്പുഴ</u>

പട്ടണക്കാട്.(കഞ്ഞിയതോട്,വയലാർ പഞ്ചായത്തുകളിൽ മുട്ട മാത്രം )ഹരിപ്പാട്(എല്ലാ Lsgiകളിലും മുട്ടയും പാലും ). മുതുകുളം (എല്ലാ Lsgiകളിലും മുട്ടയും പാലും ). മാവേലിക്കര. (എല്ലാ Lsgiകളിലും മുട്ട മാത്രം ) വെളിയനാട്(എല്ലാ Lsgiകളിലും മുട്ടയും പാലും )..കഞ്ഞിക്കുഴി addl( ചേർത്തല സൌത്ത് lsgi ൽ പാൽ മാത്രം ) ഹരിപ്പാട്(എല്ലാ Lsgiകളിലും മുട്ടയും പാലും ). കഞ്ഞിക്കുഴി.(മാരാരികുളം നോർത്ത്, തണ്ണീർമുക്കം lsgi കളിൽ പാൽ മാത്രം ) ചമ്പക്കുളം. (കൈനകരി പഞ്ചായത്ത് മാത്രം മുട്ടയും പാലും) തടസ്സപ്പെട്ടിട്ടുണ്ട്.

<u>ഇടുക്കി</u>

ദേവികുളം അഡീഷണൽ( Edamalakudy LSgiൽ മുട്ട മാത്രം ). തൊടുപുഴ (എല്ലാ Lsgiകളിലും മുട്ടയും പാലും )എന്നീ പ്രോജക്ടുകളിൽ തടസ്സപ്പെട്ടിട്ടുണ്ട്.

<u>എറണാകുളം</u>

മൂവാറ്റുപുഴ അഡീഷണൽ. നോർത്ത് പറവൂർ. വൈപ്പിൻ. വാഴക്കുളം. വാഴക്കുളം അഡീഷണൽ എന്നീ പ്രോജക്ടുകളിൽ പാൽ, മുട്ട വിതരണം പല ദിവസങ്ങളിലും തടസ്സപ്പെട്ടിട്ടുണ്ട്.

<u>തൃശ്ശൂർ</u>

തൃശ്ശൂർ ജില്ലയിൽ പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുള്ള ദിവസങ്ങളിൽ മാത്രം ആണ് പാൽ, മുട്ട വിതരണം തടസ്സപ്പെട്ടിട്ടുള്ളത്.

<u>പാലക്കാട്</u>

ജില്ലയിൽ ആഴ്ചയിൽ 2 ദിവസം പാൽ, 2 ദിവസം മുട്ട എന്ന രീതിയിൽ ആണ് വിതരണം നടത്തിയിട്ടുള്ളത്.

മലപ്പുറം

അരീക്കോട് അഡീഷണൽ.(Kuzhimanna,Pulpatta,Kavanoor പഞ്ചായത്തുകളിൽ പാൽ മാത്രം ) മലപ്പുറം റൂറൽ.(Ponmala, Kodur, Othukungal Lsgiകളിൽ മുട്ടയും പാലും ) നിലമ്പൂർ(ഭാഗികമായി ), പെരുമ്പടപ്പ്(എല്ലാ lsgiകളിലും മുട്ട,പാൽ പൂർണ്ണമായി ), പൊന്നാനി അഡീഷണൽ (എല്ലാ lsgiകളിലും പാൽ മാത്രം )എന്നീ പ്രോജക്ടുകളിൽ തടസ്സപ്പെട്ടിട്ടുണ്ട്.

കണ്ണൂർ

പയ്യന്നൂർ അഡീഷണലിൽ മുട്ട വിതരണം തടസ്സപ്പെട്ടിട്ടുണ്ട് .

- പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, വയനാട്, കാസറഗോഡ്, തൃശ്ശൂർ ജില്ലകളിൽ നിലവിലെ മാർഗ നിർദേശം പ്രകാരം പാൽ, മുട്ട വിതരണം തടസം കൂടാതെ നടത്തിയിട്ടുണ്ട്.
- ഭരണാനുമതിയിലെ നിബന്ധന പ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാകുന്നതുവരെ 2024-25 വർഷത്തെ വിതരണ സംവിധാനം അവലംബിച്ച് ആഴ്ചയിൽ 3 ദിവസം വീതം പാലും മുട്ടയും വിതരണം ചെയ്യുന്നതിനാണ് നിർദേശം നൽകിയിരുന്നത്. മിക്ക പ്രോജക്ടുകളിലും പുതിയ ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട് എങ്കിലും ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പൂർത്തിയായിട്ടില്ല.
- 2024-25 വർഷത്തേക്ക് ടെണ്ടർ/ ക്വട്ടേഷൻ നടപടി പ്രകാരം വിതരണ ചുമതല ഏറ്റെടുത്തിരുന്ന വ്യക്തികൾ പഴയ റേറ്റിൽ തന്നെ ആഴ്ചയിൽ എല്ലാ ദിവസവും പാൽ, മുട്ട വിതരണം ചെയ്യുന്നതിന് <u>വിസ്സമ്മതം അറിയച്ചതിനാലാണ്</u> ഫീഡിംഗ് തടസ്സം നേരിട്ടിട്ടുള്ളത് എന്ന് ഇടുക്കി, എറണാകുളം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ നിന്ന് അറിയിച്ചു.
- പാലക്കാട് ജില്ലയിൽ 11/7/2025 വരെയും ആഴ്ചയിൽ 2 ദിവസം വീതം മാത്രമാണ് പാൽ, മുട്ട വിതരണം നടന്നത് എന്ന് ജില്ലയിൽ നിന്ന് അറിയിച്ചു. 14/7/2025 മുതൽ ആഴ്ചയിൽ മൂന്നു ദിവസം മുട്ട, മൂന്നു ദിവസം പാൽ എന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിനു CDPO മാർക്ക് നിർദേശം നൽകുന്നതാണ് എന്നും ജില്ലയിൽ നിന്ന് അറിയിച്ചു.

- കോഴിക്കോട് ജില്ലയിൽ ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടില്ലാത്ത സ്ഥലങ്ങളിൽ പാലും മുട്ടയുടേയും വിതരണ ചെലവ് പഴയറേറ്റിൽ തന്നെ ആണ് അനുവദിക്കുന്നത് എന്നിരുന്നാലും ജില്ലയിൽ ഫീഡിംഗ് തടസം ഇല്ല എന്നും അറിയിച്ചു.
- ആലപ്പുഴ, ഇടുക്കി ജില്ലകളിൽ മുൻ വര്ഷം പദ്ധതി തടസം നേരിട്ട ഇടങ്ങളിൽ എല്ലാം തന്നെ നിലവിലും ഫീഡിംഗ് തടസമുണ്ട് എന്ന് അറിയിച്ചു.
- എറണാകുളം നോർത്ത് പറവൂറിലെ ഒരു മുൻസിപാലിറ്റിയും, പാമ്പാക്കട 5 പഞ്ചായത്തിലും ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽ പല LSGIകളിലും മുട്ട വിതരണത്തിനു പുതിയ ടെണ്ടർ/ ക്വട്ടേഷൻ നടപടി പൂർത്തിയായിട്ടുണ്ട് എന്ന് അറിയിച്ചു.

പദ്ധതി നടത്തിപ്പ് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു ചുവടെ പറയും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനു നിർദേശം നൽകി.

ആഴ്ചയിൽ 3 ദിവസം മുട്ട, 3 ദിവസം പാൽ എന്ന രീതിയിൽ പദ്ധതി തടസം കൂടാതെ എല്ലാ അങ്കണവാടികളിലും നടപ്പാക്കേണ്ടതാണ് .

മിൽമ/കുടുംബശ്രീ/കെപ്കോ എന്നിവരുമായുള്ള ഏകോപനത്തിലൂടെ പദ്ധതി സുഗമമായി നടപ്പാക്കുന്നതിനുള്ള നടപടികൾ പ്രോഗ്രാം ഓഫീസർമാർ സ്വീകരിക്കേണ്ടതാണ് .

ഓരോ ജില്ലയിലും ചുരുക്കം ചില LSGI കളിൽ മാത്രമാണ് 2025-26 സാമ്പത്തിക വർഷത്തേക്കുള്ള ടെണ്ടർ ക്വട്ടേഷൻ നടപടി ആരംഭിച്ചിട്ടുള്ളത്. മാത്രമല്ല പല സ്ഥലങ്ങളിലും വൗച്ചർ സംവിധാനത്തിലൂടെ നടപടി നിലനിൽക്കുന്നതായും

ശ്രദ്ധയിൽപ്പെട്ടു. ഈ സാഹചര്യത്തിൽ പുതുക്കിയ മാർഗ നിർദേശം പ്രകാരം എല്ലാ LSGI കളിലും ടെണ്ടർ /quatation നടപടികൾ ആരംഭിച്ച് പൂർത്തികരിക്കുന്നതിന് നിർദേശം നൽകി.

ഒരു LSGI തലത്തിൽ ഒരു ടെണ്ടർ/ ക്വട്ടേഷൻ നടപടി മാത്രം സ്വീകരിക്കാൻ അനുമതിയുള്ള സാഹചര്യത്തിൽ കൂടിയ നിരക്കിലുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ്, EMD വരും എന്ന കാരണത്താൽ ടെണ്ടർ നടപടിയിൽ വിതരണക്കാർ പങ്കെടുക്കാതിരിക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട് എന്ന് ജില്ലകളിൽ നിന്നും അറിയിച്ചു. സർക്കാർ ഭരണാനുമതിയിൽ ഈ നിർദേശം നിലനിൽക്കുന്ന സാഹചര്യത്തിൽ റീ-ടെണ്ടർ ക്ഷണിക്കേണ്ട സാഹചര്യം ഉണ്ടെങ്കിൽ ആയതിനുള്ള നടപടി സ്വീകരിച്ച് Store Purchase Rules പ്രകാരമുള്ള നടപടി പൂർത്തികരിക്കുന്നു എന്ന് ജില്ല തലത്തിൽ ഉറപ്പാക്കുന്നതിന് നിർദേശം നൽകി.

മുൻവർഷത്തിൽ ഒരു LSGI തലത്തിൽ തന്നെ സെക്ടർ/സബ് സെക്ടർ തിരിച്ച് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് അനുമതിയുണ്ടായിരുന്ന സാഹചര്യത്തിൽ ക്ഷീര സൊസൈറ്റികൾ. പ്രാദേശിക പാൽ വിതരണക്കാർ എന്നിവർ ക്വട്ടേഷൻ നടപടിയിൽ പങ്കെടുത്ത് പാൽവിതരണം തടസ്സംകൂടാതെ നടന്നിരുന്നു. പ്രാദേശികമായ വിതരണ ശ്രിംഗല മാത്രം ഉള്ള ഇത്തരം വിതരണക്കാർക്ക് പുതുക്കിയ മാർഗ നിർദേശ പ്രകാരം ഉള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിയിൽ പങ്കെടുക്കാൻ പ്രായോഗിക ബുദ്ധിമുട്ട് ഉണ്ട് എന്ന് ജില്ലകളിൽ നിന്ന് അറിയിച്ചു. ഈ വിഷയം ഉൾപ്പെടുത്തി സർക്കാരിലേക്ക് പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട് എന്നും ആയതു ലഭ്യമാകുന്ന മുറക്ക് തുടർ നിർദേശം നൽകുന്നതാണ് എന്നും അറിയിച്ചു.

പുതിയ ടെണ്ടർ/ക്വട്ടേഷൻ നടപടി പൂർത്തിയാകുന്നതുവരെ മുൻവർഷത്തെ വിതരണ സംവിധാനം അവലംബിച്ച് ആഴ്ചയിൽ 3 ദിവസം പാൽ 3 ദിവസം മുട്ട എന്ന രീതിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് നിർദേശം നൽകിയിരുന്നു. എന്നാൽ ചിലയിടങ്ങളിൽ പ്രസ്തുത വിതരണക്കാർ മുൻവർഷത്തെ നിരക്കിൽ മുട്ട. പാൽ വിതരണം ചെയ്യുന്നതിന് വിസമ്മതം അറിയിച്ച സ്ഥലങ്ങളിൽ ഫീഡിംഗ് തടസ്സം ഉണ്ടായിട്ടുണ്ട് എന്ന് കൊല്ലം. ആലപ്പുഴ. ഇടുക്കി ജില്ലകളിൽ നിന്നും അറിയിക്കുകയുണ്ടായി. ഫീഡിംഗ് തടസ്സം പൂർണ്ണമായും ഒഴിവാക്കുന്നതിന് സാമ്പത്തിക വർഷാരംഭം തന്നെ നൽകിയിട്ടുള്ള നിർദേശപ്രകാരം ജില്ലാ തലത്തിൽ മിൽമ. കുടുംബശ്രീ. കെപ്കോ എന്നിവരുമായുള്ള ഏകോപനത്തിലൂടെ തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദേശം നൽകി.

ഫീഡിംഗ് തടസ്സം ശ്രദ്ധയിൽപെട്ടതിൽ ബന്ധപ്പെട്ട പ്രോഗ്രാം ആഫീസർമാർ ഒരാഴ്ചക്കകം വിശദീകരണം ലഭ്യമാക്കേണ്ടതാണ് (തിരുവനന്തപുരം ,കൊല്ലം ,ആലപ്പുഴ,എറണാകുളം,ഇടുക്കി.പാലക്കാട് .മലപ്പുറം, കണ്ണൂർ )

ഫീഡിംഗ് തടസ്സം ഇല്ല എന്ന് ഉറപ്പാക്കുന്നതിനും, വൗച്ചർ സംവിധാനത്തിലൂടെയുള്ള വിതരണ സംവിധാനം പരമാവധി ഒഴിവാക്കി പുതുക്കിയ മാർഗ നിർദേശം പ്രകാരം ടെണ്ടർ/ ക്വട്ടേഷൻ നടപടി സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കുന്നതിനും, ആയി പദ്ധതി അവലോകനം ജില്ലാടിസ്ഥാനത്തിൽ ഉള്ള വിവരശേഖരണത്തിലൂടെ 2 ആഴ്ച കൂടുമ്പോൾ നടത്തുന്നതാണ് എന്ന് അറിയിച്ചു.

മീറ്റിംഗ് 3.30 pm നു അവസാനിച്ചു.